**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം :- ആ.വ.ഡ. - ജീവനക്കാര്യം - അന്തർവകുപ്പ് സ്ഥലംമാറ്റം - നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) കത്ത് നം. HCKL/3633/2024-C2, കേരള ഹൈക്കോടതി എറണാകുളം, തീയതി: 15/12/2025.
2) കത്ത് നം. DMOH-PTA/5239/2024-A2, തീയതി: 27/01/2026.
3) സ.ഉ.(പി) നം. 5/2013/പി&ഏ.ആർ.ഡി., തീയതി: 06/02/2013.

**ഉത്തരവ് നം : DHS/31359/2025-ED1 തീയതി : 15-03-2026**

പത്തനംതിട്ട അടൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. ബിജു വി., പത്തനംതിട്ട ജില്ലയിൽ ആരോഗ്യവകുപ്പിൽ ക്ലാർക്ക് തസ്തികയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം പത്തനംതിട്ട ജില്ല മെഡിക്കൽ ഓഫീസർ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലംമാറ്റത്തിനായി ഒരു ഒഴിവ് ഉള്ളതായി അറിയിച്ചിട്ടുണ്ട്.

ഈ സാചര്യത്തിൽ പരാമർശം (3) ഉത്തരവിന് വിധേയമായി പത്തനംതിട്ട അടൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ ക്ലാർക്ക് ശ്രീ. ബിജു വി. (പെൻ. 353582) -യ്ക്ക് പത്തനംതിട്ട ജില്ലയിൽ ആരോഗ്യവകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലംമാറ്റം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ ടിയാന് ഉചിതമായ സ്ഥാപനത്തിൽ നിയമനം നൽകേണ്ടതും പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ശ്രീ. ബിജു വി., അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജില്ലയിൽ പ്രവേശിക്കുന്ന ദിവസം മുതൽ ആ ജില്ലയിലെ ഏറ്റവും ജൂനിയറായ ക്ലാർക്കിന്റെ ജൂനിയറായി കണക്കാക്കേണ്ടതും, നിലവിലെ സീനിയോറിറ്റി നഷ്ടപ്പെടുകയും, സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള വകുപ്പിൽ വീണ്ടും പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതുമാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവി അന്തർവകുപ്പ് സ്ഥലംമാറ്റ വിവരം യഥാവിധി ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

Digitally signed by
M . Abul Kalam
Date: 15-03-2026
11:27:08

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ശ്രീ. ബിജു വി., ക്ലാർക്ക്, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, അടൂർ, പത്തനംതിട്ട.

പകർപ്പ് :

1) ആരോഗ്യവകുപ്പ് ഡയറക്ടറുടെ സി.എ.

2) രജിസ്ട്രാർ, കേരള ഹൈക്കോടതി എറണാകുളം (ആമുഖ കത്ത് സഹിതം).

3) രജിസ്ട്രാർ, ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി, അടൂർ.

4) ജില്ല മെഡിക്കൽ ഓഫീസ് (ആരോഗ്യം) പത്തനംതിട്ട.

5) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.

6)ഫയൽ/കരുതൽ ഫയൽ.